**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 508** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഡൽഹിയിലെ പ്രത്യേക പ്രതിനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധിക്ക് എന്തൊക്കെ ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് സർക്കാർ അനുവദിച്ചു നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | **ന്യൂഡൽഹിയിലെ സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധിക്ക് ശമ്പളത്തിനും അലവൻസിനും പകരം പരമാവധി ഒരു ലക്ഷം രൂപ ഹോണറേറിയം 25.05.2023 തീയതിയിലെ സ.ഉ. (കൈ) നം. 66/2023/പൊ.ഭ.വ. ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തിക്കുന്നതിനായി കേരള ഹൗസിൽ ഒരു മുറിയും രണ്ട് അസിസ്റ്റന്റ്, ഒരു ഓഫീസ് അറ്റന്റന്റ്, ഒരു ഡ്രൈവർ എന്നീ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ ഒരു വാഹനവും അനുവദിച്ചിട്ടുണ്ട്. 01/01/2024 തീയതിയിലെ സ.ഉ. (കൈ) നം. 1/2024/പൊ.ഭ.വ. ഉത്തരവ് പ്രകാരം ഒരു പ്രൈവറ്റ് സെക്രട്ടറിയേയും അനുവദിച്ചിട്ടുണ്ട്.** |
| (ബി) | മേൽപ്പറഞ്ഞ ആനുകൂല്യങ്ങളും സൗകര്യങ്ങളും നൽകുന്നതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | **ഹോണറേറിയം ഇനത്തിലും സ്റ്റാഫുകളുടെ ശമ്പള ഇനത്തിലുമായി ഡിസംബർ 2023 വരെ 23,27,806/- രൂപ ചെലവഴിച്ചിട്ടുണ്ട്. കാറിന് ഇന്ധനം നിറച്ച വകയിൽ 51,775/- രൂപയും ചെലവഴിച്ചിട്ടുണ്ട്.** |
| (സി) | സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധിക്ക് പ്രൈവറ്റ് സെക്രട്ടറിയെ അനുവദിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് അദ്ദേഹത്തിന് നിയമനം നൽകിയത്; നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | **പ്രത്യേക പ്രതിനിധി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 01.01.2024 തീയതിയിലെ സ.ഉ. (കൈ) നം 1/2024/പൊ.ഭ.വ. പ്രകാരം സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധിയ്ക്ക് 27.01.2023 മുതൽ മുൻകാല പ്രാബല്യത്തിൽ ഒരു പ്രൈവറ്റ് സെക്രട്ടറിയെ അനുവദിച്ച് നൽകിയിട്ടുണ്ട്.** |
| (ഡി) | പ്രസ്തുത നിയമനത്തിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടെങ്കിൽ നൽകാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | **പ്രത്യേക പ്രതിനിധി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 01.01.2024 തീയതിയിലെ സ.ഉ (കൈ) നം 1/2024/ പൊ.ഭ.വ. പ്രകാരം സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധിയ്ക്ക് 27.01.2023 മുതൽ മുൻകാല പ്രാബല്യത്തിൽ ഒരു പ്രൈവറ്റ് സെക്രട്ടറിയെ അനുവദിച്ച് നൽകിയിട്ടുണ്ട്.** |
| (ഇ) | എന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രൈവറ്റ് സെക്രട്ടറിക്ക് അനുവദിച്ചു നൽകിയിട്ടുള്ളത്; | (ഇ) | **പ്രൈവറ്റ് സെക്രട്ടറിക്ക് കരാർ വ്യവസ്ഥയിൽ പ്രതിമാസം 44,020/- രൂപയും, 10% ന്യൂഡൽഹി** |

| | | | |
|---|---|---|---|
| | മുൻകാലപ്രാബല്യത്തോടെയാണ് നിയമിച്ചതെങ്കിൽ നാളിതുവരെയുള്ള ആനുകൂല്യങ്ങളുടെ കുടിശ്ശിക അനുവദിച്ചു നൽകിയിട്ടുണ്ടോ; എത്ര തുകയാണ് ഈ ഇനത്തിൽ അനുവദിക്കേണ്ടത്; വ്യക്തമാക്കുമോ? | | **അലവൻസിനും അർഹതയുണ്ട്. കുടിശ്ശിക അനുവദിച്ചു നൽകിയിട്ടില്ല. കുടിശ്ശിക 5,40,452/- രൂപ എന്നാണ് കണക്കാക്കിയിട്ടുള്ളത്.** |

സെക്ഷൻ ഓഫീസർ